**Mar Joseph Srampickal**
Bishop, Syro Malabar Eparchy of Great Britain

Bishop's Office
Our Lady of Rosary and St. Terese of Lisieux Church,
141, Parkfield Road
Saltley, Birmingham
United Kingdom
B8 3BB
Email: bishop@csmegb.org

Circular 01/2023 24 March 2023

# കുടുംബങ്ങൾക്കുള്ള ആരാധനക്രമ ക്വിസ് 2023

## "വിശുദ്ധ കുർബാന ക്രൈസ്തവജീവിതത്തിന്റെയാകെ ഉറവിടവും അത്യുച്ചസ്ഥാനവുമാണ്"

(ലുമെൻ ജെൻസിയും 11, കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം 1324)

ഈശോമിശിഹായിൽ പ്രിയമുള്ള സഹോദരീസഹോദരന്മാരേ,

നമ്മുടെ കർത്താവിന്റെ പീഡാസഹനവും മരണവും ഉത്ഥാനവും വളരെ പ്രത്യേകമായി ധ്യാനിക്കുന്ന പരിശുദ്ധമായ ഈ വലിയ നോമ്പ് സമയത്ത് ഏവർക്കും എന്റെ പ്രാർത്ഥനാശംസകൾ.

നമ്മുടെ രൂപതയുടെ രണ്ടാം പഞ്ചവൽസരപദ്ധതിയുടെ ഒന്നാം വർഷത്തിൽ, ഈ വർഷത്തെ **ആരാധനക്രമവർഷമായി** സമർപ്പിച്ചുകൊണ്ട് നമ്മുടെ സഭയുടെ ആരാധനാക്രമത്തിനു നാം ഊന്നൽ കൊടുക്കുകയാണ്. ആരാധനക്രമം എന്ന വാക്ക് വിശുദ്ധ കുർബാനയർപ്പണത്തിനു മാത്രമല്ല, നമ്മുടെ കർത്താവിനെ ആരാധിക്കുന്ന മറ്റു ക്രമങ്ങളേയും ഉൾക്കൊള്ളുന്നു. ആരാധനക്രമം വ്യക്തികളെന്നനിലയിൽ നമുക്ക് അവകാശപ്പെട്ടതല്ല, മറിച്ചു അത് സഭ മുഴുവന്റെയും സ്വത്താണ്, അതോടൊപ്പം ദൈവവുമായി ബന്ധം സ്ഥാപിക്കുന്നതിന്റെ അടിസ്ഥാനവുമാണ്. വിശുദ്ധ കുർബാനയിൽ പങ്കുചേരൽ, യാമപ്രാർത്ഥനകൾ, കൂദാശാഘോഷങ്ങൾ, ആശീർവാദങ്ങൾ, മറ്റ് ഔദ്യോഗികകർമ്മങ്ങൾ തുടങ്ങിയവ എല്ലാ റീത്തിലുമുള്ള കത്തോലിക്കരുടെ ആല്മീയവളർച്ചക്ക് പ്രാധാന്യമുള്ളതാണ്, കാരണം ഈ ആരാധനക്രമ ആഘോഷങ്ങളിലൂടെയാണ് വിശ്വാസികളായ നാം ദൈവത്തിനു സ്തുതിയും കൃതജ്ഞതയും സമർപ്പിക്കുന്നതും നമുക്ക് ചുറ്റുമുള്ള വെല്ലുവിളികൾ നിറഞ്ഞ ലോകത്തിലേക്ക് മിശിഹായുടെ ശിഷ്യരായി ശക്തിയോടെ മുന്നോട്ടു പോകുന്നതും. നമ്മുടെ വ്യക്തിസഭയുടെ ആരാധനക്രമത്തെ നമുക്ക് സ്നേഹിക്കാൻ കഴിയുന്നത് അതിന്റെ ആരാധനാക്രമത്തി

ന്റെ മനോഹാരിതയെ അതിന്റെ പൂർണതയിൽ മനസ്സിലാക്കിയാൽ മാത്രമാണ്. സീറോ മലബാർ ആരാധനക്രമം വേറിട്ടുനിൽക്കുന്നത് അതിന്റെ സമ്പന്നമായ പ്രതീകാത്മകത കൊണ്ടാണ്. അതുപോലെ, സീറോ മലബാർ വിശുദ്ധ കുർബാനയിൽ ഉപയോഗിക്കുന്ന ശ്ലീഹന്മാരിൽ നിന്ന് തന്നെ ആരംഭിച്ച മാർ അദ്ദായിയുടെയും മാർ മാറിയുടെയും കൂദാശ(അനാഫൊറ) ആണ് ഇപ്പോൾ നിലവിലുള്ള കൂദാശകളിൽ ഏറ്റവും പഴക്കമുള്ളത്.

രൂപതയുടെ മെത്രാനെന്ന നിലയിൽ എന്നെ ഭരമേൽപ്പിച്ചിരിക്കുന്ന വിശ്വാസികളെ ആരാധനാക്രമത്തെക്കുറിച്ചു കൂടുതൽ പഠിക്കുവാനും ദൈവപരിപാലനയിൽ ആശ്രയിച്ചുകൊണ്ടു പ്രോത്സാഹിപ്പിക്കുവാനും എന്റെ കഴിവിന്റെ പരമാവധി ചെയ്യുക എന്നത് എന്റെ കടമയാണ്. ആരാധനക്രമവർഷം സമർപ്പിച്ചിരിക്കുന്നത് ഈ ഉദ്ദേശത്തോടെയാണ്. ആരാധനക്രമവർഷത്തിന്റെ ഊന്നലുകളും ലക്ഷ്യങ്ങളും ഫലം പുറപ്പെടുവിക്കുവാൻ നിങ്ങളുടെ പ്രാർത്ഥനകൾ ഞാൻ അഭ്യർത്ഥിക്കുന്നു. ഈ ആരാധനക്രമവർഷത്തിൽ ആരാധനക്രമത്തെക്കുറിച്ചു കൂടുതൽ പഠിക്കുവാൻ നമ്മെ സഹായിക്കുന്നതിനു നിർദ്ദേശിച്ചിരിക്കുന്ന പരിപാടികളിൽ ഒന്ന് കുടുംബങ്ങൾക്കുള്ള ആരാധനക്രമ ക്വിസ് മത്സരം 2023 ആണ്. നമ്മുടെ ആഴ്ച തോറുമുള്ള ന്യൂസ് ബുള്ളറ്റിൻ ആയ 'ദെനഹ' യിലും, ഇൻസ്റ്റാഗ്രാമിലും, ഫേസ്ബുക്കിലും പ്രസിദ്ധീകരിക്കുന്ന 20 ആരാധനക്രമ ചോദ്യങ്ങൾ നിങ്ങൾ ശ്രദ്ധിച്ചുകാണുമെന്നു എനിക്ക് ഉറപ്പാണ്. ഇതുവരെ പ്രസിദ്ധീകരിച്ച എല്ലാ ചോദ്യങ്ങളും രൂപതയുടെ വെബ്സൈറ്റിൽ ലഭ്യമാണ്. ഈ ചോദ്യങ്ങളെ ആസ്പദമാക്കി ഇടവക/ മിഷൻ/ പ്രോപോസ്ഡ് മിഷൻ തലത്തിലും, റീജിയൻ, രൂപത തലങ്ങളിലും മത്സരങ്ങൾ നടത്തുന്നതാണ്.

നമ്മുടെ രൂപതയിലെ കുടുംബങ്ങൾ ആരാധനക്രമത്തെകുറിച്ച് പഠിക്കുകയും, നസ്റത്തിലെ തിരുക്കുടുംബം പോലെ വിശ്വാസത്തിൽ ഒരുമിച്ചു വളരുകയും വേണം. ഇടവക/ മിഷൻ/ പ്രോപോസ്ഡ് മിഷൻ എന്നിവയിൽ നിന്ന് ക്വിസ് മത്സരത്തിൽ പങ്കെടുത്ത് 80 ശതമാനമോ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്ന ഓരോ കുടുംബടീമും ഓൺലൈൻ ആയി നടത്തപ്പെടുന്ന റീജിയണൽതല ക്വിസ്മത്സരത്തിൽ പങ്കെടുക്കാൻ യോഗ്യരായിരിക്കും. ഇടവക/ മിഷൻ/ പ്രോപോസ്ഡ് മിഷൻ തല ക്വിസ് മത്സരം, 04/06/2023ന് ദെൻഹായിൽ പ്രസിദ്ധീകരിക്കുന്ന 100 ചോദ്യങ്ങൾ അടങ്ങുന്ന ചോദ്യബാങ്കിൽ നിന്നുള്ള 20 ചോദ്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതായിരിക്കും. മത്സരം എഴുത്തു രൂപത്തിലായിരിക്കും നടത്തുക. ഇടവക/ മിഷൻ/ പ്രോപോസ്ഡ് മിഷൻ തല ക്വിസിന്റെ തിയതി അതാതു ഇടവക/ മിഷൻ/ പ്രോപോസ്ഡ് മിഷനിൽ അറിയിക്കുന്നതാണ്. ആരാധനക്രമ ക്വിസ് മത്സരത്തിന്റെ സുഗമമായ നടത്തിപ്പിനായി ഓരോ

ഇടവക/ മിഷൻ/ പ്രോപോസ്ഡ് മിഷനിലും ചുമതലയുള്ള വൈദികൻ ഒരു കോ ഓർഡിനേറ്ററിനെ നിയോഗിക്കണം. യൂണിറ്റ് തല കോ ഓർഡിനേറ്ററുടെ പേര് 30/04/2023നു മുൻപായി വൈദികർക്ക് നല്കപ്പെടുന്ന ഓൺലൈൻ ഫോം വഴി രൂപതാതല സംഘാടകർക്ക് നൽകേണ്ടതാണ്. യൂണിറ്റ് തല ക്വിസിന്റെ തിയതിയും 31/07/2023നു മുൻപായി രൂപതാതല സംഘാടകർക്ക് നൽകേണ്ടതാണ്. റീജിയണൽ തല മത്സരങ്ങൾ ഒക്ടോബർ മാസത്തിലെ ഞായറാഴ്ചകളിൽ വൈകുന്നേരങ്ങളിൽ ഓൺലൈൻ ആയി നടത്തുന്നതുമാണ്. റീജിയണൽ ലെവൽ ക്വിസിന് തയ്യാറെടുക്കാൻ ടീമുകൾക്ക് പരമാവധി സമയം ലഭിക്കുന്നതിന് വേണ്ടി, ഇടവക/ മിഷൻ/ പ്രോപോസ്ഡ് മിഷൻ തല ക്വിസ് മത്സരം സാധ്യമാവും വിധം ഏറ്റവും നേരത്തേ തന്നെ നടത്തേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു. എന്നിരുന്നാലും, ലിറ്റർജി ക്വിസുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇടവക/ മിഷൻ/ പ്രോപോസ്ഡ് മിഷൻ ലെവൽ മത്സരത്തിന്റെ തീയതിക്കപ്പുറം, ആരാധന വർഷത്തിലുടനീളം ഇടവക/ മിഷൻ/ പ്രോപോസ്ഡ് മിഷനുകളിലുള്ള എല്ലാ വേദികളിലും, എല്ലാ കമ്മീഷനുകളും ഫോറങ്ങളും സംഘടിപ്പിക്കേണ്ടതാണ്.

രൂപതാതല ക്വിസ് മത്സരം 25/11/2023 ശനിയാഴ്ച നടത്തുന്നതാണ്. 50 ആഴ്ചകളിൽ ദനഹായിൽ പ്രസിദ്ധീകരിക്കുന്ന എല്ലാ ആരാധനക്രമ ചോദ്യങ്ങളും (1001 ചോദ്യങ്ങൾ) 'പരിശുദ്ധൻ പരിശുദ്ധർക്ക്' എന്ന രൂപതാ പഞ്ചവത്സര അജപാലന പദ്ധതി രേഖയിൽ നിന്നുള്ള ചോദ്യങ്ങളും അടിസ്ഥാനമാക്കിയായിരിക്കും മത്സരം. രൂപതാതല ക്വിസ് മത്സരത്തിൽ വിജയിക്കുന്ന ടീമിന് 3000 പൗണ്ട് ക്യാഷ് പ്രൈസും ട്രോഫിയും ഒന്നാം റണ്ണർ അപ്പ് ടീമിന് 2000 പൗണ്ട് ക്യാഷ് പ്രൈസും ട്രോഫിയും രണ്ടാം റണ്ണർ അപ്പ് ടീമിന് 1000 പൗണ്ട് ക്യാഷ് പ്രൈസും ട്രോഫിയും സമ്മാനമായി നൽകുന്നതാണ്. നമ്മുടെ സഭയുടെ ആരാധനക്രമത്തിൽ അതീവതാത്പരുള്ള വിശ്വാസികളുടെ സംഭാവനകൾ വഴിയാണ് ലിറ്റർജി ക്വിസ് മത്സരത്തിന്റെ സമ്മാനത്തുകയും ചെലവുകളും നാം കണ്ടെത്തിയിരിക്കുന്നത്.

ആരാധനക്രമ ക്വിസ് മത്സരത്തിൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്നതിനായി എല്ലാ കമ്മീഷനുകളും, ഇടവക/ മിഷൻ/ പ്രോപോസ്ഡ് മിഷനുകളിലുള്ള എല്ലാ വേദികളിലും ആരാധനക്രമവർഷത്തിലുടനീളം പരിശീലന ക്വിസ് നടത്തേണ്ടതാണ്. ഇടവക/ മിഷൻ/ പ്രോപോസ്ഡ് മിഷൻ തലത്തിലുള്ള ക്വിസിന് മുൻപായി കുടുംബകൂട്ടായ്മ സമ്മേളനങ്ങളിലും പരിശീലന ക്വിസ് സംഘടിപ്പിക്കേണ്ടതാണ്. ഇതുവഴി നമ്മുടെ രൂപതയിലെ എല്ലാ വിശ്വാസികളുടെയും ആരാധനക്രമവത്സരത്തിലുള്ള സജീവ പങ്കാളിത്തം ഉറപ്പ് വരുത്താൻ സാധിക്കും. **കുടുംബങ്ങൾക്കുള്ള ആരാധനക്രമ ക്വിസ്**

**2023** ന്റെ നിയമങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും കൂടുതൽ വിശദമായി ഈ സർക്കുലറിനൊപ്പം അയച്ചിട്ടുണ്ട്. ആരാധനക്രമ ക്വിസിനെ സംബന്ധിച്ച് ഏതെങ്കിലും ചോദ്യങ്ങൾ ഉണ്ടെങ്കിൽ yearofliturgy@csmegb.net എന്ന അഡ്രസിലേക്കു ഇമെയിൽ അയക്കാവുന്നതാണ്.

നമ്മുടെ രൂപതയെ പരിശുദ്ധ കന്യകാമറിയത്തിന് ഞാൻ സമർപ്പിക്കുന്നു. നമുക്കെല്ലാവർക്കും **കുടുംബങ്ങൾക്കുള്ള ആരാധനക്രമ ക്വിസ് 2023ന്റെ** വിജയത്തിനുവേണ്ടി പ്രാർത്ഥിക്കുകയും മത്സരത്തിൽ സജീവമായി പങ്കെടുക്കുകയും നമ്മുടെ സഭയുടെ ആരാധനക്രമത്തെപ്പറ്റിയുള്ള നമ്മുടെ ധാരണ ബലപ്പെടുത്തുകയും ചെയ്യാം.
നിങ്ങളെയെല്ലാവരെയും നമ്മുടെ കർത്താവായ ഈശോ മിശിഹാ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.
മിശിഹായിൽ സ്നേഹപൂർവ്വം,

+ Joseph Srampickal

മാർ ജോസഫ് സ്രാമ്പിക്കൽ
ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതാ മെത്രാൻ

---

NB: ഈ സർക്കുലർ ഗ്രേറ്റ് ബ്രിട്ടണിൽ സീറോ മലബാർ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സമൂഹങ്ങളിലും 2023 മാർച്ച് 26 ന് വായിക്കേണ്ടതാണ്. (അന്ന് വിശുദ്ധ കുർബാന അർപ്പിക്കപ്പെടുന്നില്ലെങ്കിൽ വിശുദ്ധ കുർബാന അർപ്പിക്കുന്ന ഏറ്റവും അടുത്ത ഞായറാഴ്ച്ച വായിക്കേണ്ടതാണ്)